കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-19


കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നമ്പർ. കെ.എസ്.എ.കെ.എൽ.എം-പി.8/968/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല.

ഇ-മെയിൽ - doklm.ksad@kerala.gov

ഫോൺ - 0474-2740141

തീയ്യതി – 11.11.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഓച്ചിറ ബ്ളോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ബ്ളോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ളോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ളോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം.
3. കാര്യാലയ പകർപ്പ്

നമ്പർ. കെ.എസ്.എ.കെ.എൽ.എം-പി.8/968/2020 തിയതി: 11.11.2020

## കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ളോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ളോക്ക് പഞ്ചായത്ത് 01-04-18 മുതൽ 31-03-19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മാത്യുറോയ്. കെ. പി.<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17-08-2020 മുതൽ<br>26-08-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : | : | ശ്രീമതി. ബിജിവർഗ്ഗീസ്<br>(ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)) |
| | | ശ്രീ. അനിൽകുമാർ. എസ്, (സീനിയർഗ്രേഡ് ഓഡിറ്റർ) |
| | | ശ്രീമതി. ജമീലബീവി (ഓഡിറ്റർ) |
| | | ശ്രിമതി. സുനിത സെബാസ്ററ്യൻ (ഓഡിറ്റർ) |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ഷെർലി ശ്രീകുമാർ | 01-04-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | : | ശ്രീ. ആർ. അജയകുമാർ | 01-04-2018 മുതൽ 31-3-2019 വരെ |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റൻറ്എക്സി. എഞ്ചിനിയർ | | ശ്രീമതി. ജ്യോതി വിദ്യാധരൻ | 01-04-2018 മുതൽ 31-3-2019 വരെ |
| അസി. എഞ്ചിനീയർ | | ശ്രീമതി. സലീല. എസ് | 01-04-2018 മുതൽ 31-3-2019 വരെ |
| എസ്.സി.ഡി.ഒ | | ശ്രീ. രാകേഷ്. എ | 01-04-2018 മുതൽ 31-3-2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | | ശ്രീ. ജേക്കബ് മാരിയോ | 01-04-2018 മുതൽ 31-3-2019 വരെ |
| ഡി.ഇ.ഒ. | | ശ്രീമതി. ജാക്വലിൻ. ജെ | 01-04-2018 മുതൽ 31-3-2019 വരെ |
| സി.ഡി.പി.ഒ. (ഓച്ചിറ ) | | ശ്രീമതി. റെമിജിയസ്സ് വി. ഫെർണാണ്ടസ്. | 01-04-2018 മുതൽ 31-3-2019 വരെ |
| സി.ഡി.പി.ഒ. (കരുനാഗപ്പള്ളി) | | ശ്രീമതി. ഹേമ. പി. | 01-04-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ ഓച്ചിറ സി.എച്ച്.സി (ഇൻ-ചാർജ്ജ് ) | | ഡോ. ബീന എസ് | 01-04-2018 മുതൽ 31-3-2019 വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീ. മനു വിശ്വനാഥ് | 01-04-2018 മുതൽ 31-3-2019 വരെ |
| സീനീയർ വെറ്ററിനറിസർജൻ | | ശ്രീ. എം. എ. നാസ്സർ. | 01-04-2018 മുതൽ |

| | | | |
|---|---|---|---|
| | | | 31-3-2019 വരെ |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | | ശ്രീ. ബാബു. സി | 01-04-2018 മുതൽ<br><br>31-3-2019 വരെ |
| പട്ടിക ജാതി വികസന ഓഫീസർ ഓച്ചിറ | | ശ്രീമതി. അംബികാദേവി | 01-04-2018 മുതൽ<br><br>2-8-2018 വരെ |
| | | ശ്രീമതി. സുലഭ | 3-8-2018 മുതൽ<br><br>31-3-2019 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വാടക തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് പിഴ ഈടാക്കിയിട്ടില്ല | 1-12 |
| 13 | റോഡ്റോളർ വാടക | 1-13 |
| 14 | തനത് ഫണ്ടിലേയ്ക്കുള്ള തുകകളുടെ ഒടുക്കലുകൾ അവയിൽ നിന്നുള്ള പിൻവലിക്കലുകൾ | 1-14 |
| 15 | ശ്രവണ സഹായികൾ - പ്രയോജനപ്രദമായില്ല. | 1-15 |
| 16 | കാലിത്തീറ്റ-സബ്സിഡി അധികം നൽകി | 1-16 |
| 17 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ | 1-17 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-കാലനുസൃതമായി പദ്ധതിലക്ഷ്യം കൈവരിക്കുന്നില്ല. | 1-18 |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല | 1-19 |
| 20 | ടെൻഡർ /ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയല്ലാത്ത വാങ്ങൽ /പ്രവൃത്തികൾ – 1,50435/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 21 | കുടിശ്ശികയും, പിഴപ്പലിശയും ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | കാലിത്തീറ്റ-സബ്സിഡി അധികം നൽകി | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 31 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |
| 35 | അനുബന്ധപത്രികകൾ | അനുബന്ധം - 2 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

24-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 03-06-2019 | - | - |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21550471/- രൂപ |
| വരവ് | 85512659/- രൂപ |
| ആകെ | 107063130/- രൂപ |
| ചെലവ് | 91091844/- രൂപ |
| നീക്കിയിരിപ്പ് | 15971286/- രൂപ |

1-4 ഫണ്ട് വിനിയോഗം .

| ഫണ്ടിനം | | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 46268000 | 46268000 | 46267997 | 3 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 0 | 13553000 | 13553000 | 13160631 | 392369 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 377000 | 377000 | 377000 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR പ്രകാരം) | | 0 | 5487000 | 5487000 | 2991132 | 2495868 |
| സാക്ഷരത | | 260064 | 2086 | 262150 | 260064 | 2086 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-നിർമ്മൽ പുരസ്കാരം | | 228072 | 8087 | 236159 | 143241 | 92918 |
| *ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ജില്ലാപഞ്ചായത്ത് (ട്രഷറി അക്കൗണ്ട്) | 3569941 | 15915037 | 19484978 | 13651077 | 5833901 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 4400503 | 4012000 | 8412503 | 4807393 | 3605110 |
| | ബാങ്ക് അക്കൗണ്ട് | 5152738 | 1506721 | 6659459 | 2728644 | 3930815 |
| ഐ.എ.വൈ-ജില്ലാപഞ്ചായത്ത് (ഇൻഡ്യൻബാങ്ക്) | | 5309758 | 0 | 5309758 | 4893013 | 416745 |
| എസ്.ബി.ടി.-പൈക | | 55062 | 1953 | 57015 | 0 | 57015 |
| ടി.എസ്.സി | | 2480105 | 103595 | 2583700 | 650710 | 1932990 |
| | | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ടി.-സൈൻ | 2490 | 88 | 2578 | 0 | 2578 |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഓച്ചിറ (IAY) | 46406 | 1875 | 48281 | 0 | 48281 |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കെ.എസ്.പുരം (IAY) | 5613 | 284 | 5897 | 0 | 5897 |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വൈനാകം (IAY) | 7982 | 10310 | 18292 | 0 | 18292 |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ക്ലാപ്പന (IAY) | 6047 | 242 | 6289 | 0 | 6289 |
| **എസ്.ബി.ടി-ഐ.എ.വൈ അഡ്മിൻ | 25690 | 215862 | 241552 | 102090 | ***139462 |

കുറിപ്പ്:-

*ജോയിന്റ് വെഞ്ച്വർ അക്കൗണ്ട്-വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .

**ഐ.എ.വൈ അഡ്മിൻ അക്കൗണ്ടിലെ വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .

***ഐ.എ.വൈ അഡ്മിൻ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 1,39,462/- രൂപയാണ്.ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 18,369/- രൂപയാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 87 | 96368399 | 47 | 65415031 | 10 | 30 | 54 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്ഷേമ പദ്ധതികൾ

ഇല്ല

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 24-08-2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,392/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

1. ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും അതാത് ദിവസത്തെ വരവുകൾ കൃത്യമായി ഡെ ബുക്കിൽ എൻട്രി വരുത്തുന്നില്ല.
3. മാന്വൽ രസീത് നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നില്ല.
4. സാംഖ്യ സോഫ്റ്റ് വെയർ മുഖേനയുള്ള കമ്പ്യൂട്ടർ രസീതുകൾ പ്രകാരം വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് കൂടുതൽ ഉപയോഗിക്കുന്നത്.
5. അക്കൗണ്ടുകൾക്ക് പ്രതിമാസ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല.
6. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.
7. റോഡ് റോളറിന്റെ വരവ് രേഖപ്പെടുത്തുന്നതിലും കൃത്യത ഇല്ല.
8. ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം ശ്രവണസഹായി വാങ്ങി വിതരണം ചെയ്തെങ്കിലും ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല.
9. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം വാങ്ങലുകൾ നടത്തുന്നതിൽ ശ്രദ്ധചെലുത്തുന്നില്ല.
10. മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

- മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ.

1) 2018-19 വർഷം 10 മരാമത്ത് പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇതിൽ 6 പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണ സമയത്ത് മിക്കവാറും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടതായി വരുന്നതുമൂലം അനാവശ്യ കാലതാമസം ഉണ്ടാകുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട സ്ഥലം പരിശോധിച്ച് തദനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ ഇപ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടതായി വരുമായിരുന്നില്ല.

2) തൻവർഷം നടപ്പിലാക്കിയ ഭൂരിഭാഗം പ്രവൃത്തികളും ക്വട്ടേഷൻ നടപടികളിലൂടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇ ടെൻഡറിലും റീടെൻഡറിലും മതിയായ ടെൻഡറുകൾ ലഭിക്കാത്തതുമൂലമാണ് ക്വട്ടേഷൻ നടപടികളിലൂടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. കരാറുകാർക്കിടയിൽ ആരോഗ്യകരമായ മത്സരത്തിന് അവസരമൊരുക്കി ഗുണമേൻമയും ന്യായവും ലാഭകരവുമായ നിരക്കും ഉറപ്പുവരുത്തി പ്രവൃത്തി എൽപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ വ്യാപകമായി പരസ്യം നൽകി മത്സരാധിഷ്ഠിതമായി നടത്തിയിട്ടുള്ള ടെണ്ടർ

നടപടിയിലാണ് പ്രസ്തുത സാഹചര്യം സംജാതമായിട്ടുള്ളത്. ടെണ്ടർ നടപടിയുടെ ഉദ്ദേശ്യശുദ്ധിയ്ക്ക് വിരുദ്ധമായി ഏതാനും കരാറുകാർ ടെൻഡർ നടപടികൾ ഒഴിവാക്കി ക്വട്ടേഷനിലൂടെ പ്രവൃത്തികൾ നേടിയെടുക്കുന്നതായി കാണുന്നു. പ്രാദേശികമായി കരാറുകാർക്കിടയിൽ നിലനിൽക്കുന്ന പരസ്പര ധാരണ മൂലം ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഇതുമൂലം ടെൻഡർ സേവിംഗ്സിനത്തിലും ടെൻഡർ ഫോം ഇനത്തിലും ബ്ളോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നു.

2018-19 വർഷങ്ങത്തിൽ സെക്രട്ടറി, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവർ നിർവ്വഹണം നടത്തിയ എല്ലാ പദ്ധികളിലും മത്സരസ്വഭാവമുള്ള ടെൻഡർ /ക്വട്ടേഷൻ നടപടികളല്ല സ്വീകരിച്ചിരിക്കുന്നത്. വാങ്ങൽ/പ്രവൃത്തികൾക്കുവേണ്ടി ഒരു സ്ഥാപനം മാത്രം ടെൻഡർ/ ക്വട്ടേഷൻ നടപടികളിൽ പങ്കെടുക്കുകയും അവർതന്നെ വാങ്ങൽ/പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്ന പ്രവണതയാണ് ബ്ളോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്നത്. ആയതിലേക്ക് ബ്ളോക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-9-19 | 2018-2019 | 09-10-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-4-2016 മുതൽ 22-4-2016 വരെ | 2012-13 മുതൽ 2015-16 വരെ | 22-6-16 |

1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. എസ്.ബി.റ്റി പൈക്ക, എസ്.ബി.റ്റി സൈൻ, ഇൻഡ്യൻ ബാങ്ക് (സാക്ഷരത), എസ്.ബി.റ്റി, ഐ.എ.വൈ (എ.ഡി.എം.എൻ) എന്നീ അക്കൗണ്ടുകളിൽ ക്രയവിക്രയം ഇല്ല. നിഷ്ക്രിയ അക്കൗണ്ടുകളിൽ ക്ലോസ് ചെയ്യാവുന്നതാണ്.

2. അടുത്ത വർഷത്തേക്കുള്ള അഡ്മിനിസ്ട്രേറ്റീവ്, എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കായി തൻവർഷം ബി9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

4. വിവിധയിനം ഗ്രാന്റുകൾ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

5. സംയുക്ത പ്രോജക്റ്റിന് ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 4,16,745/- രൂപ ജോയിന്റ് വെഞ്ചറിന് വേണ്ടിയുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിന് പകരം ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

6. ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾ സോഫ്റ്റ് വെയറിൽ വന്നിട്ടുണ്ടോ എന്ന വിവരം പരിശോധിക്കാൻ കഴിഞ്ഞില്ല.

7. കോൺട്രാക്ടേഴ്സ് റിടെൻഷൻ തുക 51,065/- രൂപയാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 24,426/- രൂപയുടെ രേഖകൾ മാത്രമാണ് എ.ഇ ഹാജരാക്കിയിട്ടുള്ളത്.

8. 2017-18 മുതൽ വരവുവന്ന ഡിപ്പോസിറ്റ് തുകകൾ മാത്രമാണ് പഞ്ചായത്ത് രേഖകൾ പ്രകാരം ഉള്ളത്. അതുകൊണ്ട് ഡിപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

<u>പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-</u>

1) ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ വരവ് -ചെലവ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
2) ഐ.എ.വൈ അഡ്മിൻ അക്കൗണ്ടിലെ വരവ്- ചെലവ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
3) ഐ.എ.വൈ അഡ്മിൻ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 1,39,462/- രൂപയാണ്. ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 18,369/- രൂപയാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-12 തനത് ഫണ്ടിലേയ്ക്കുള്ള തുകകളുടെ ഒടുക്കലുകൾ അവയിൽ നിന്നുള്ള പിൻവലിക്കലുകൾ

2018-19 സാമ്പത്തിക വർഷത്തിലെ തനത് ഫണ്ടിലേയ്ക്കുള്ള തുകകളുടെ ഒടുക്കലുകൾ, പിൻവലിക്കലുകൾ എന്നിവ സംബന്ധിച്ചുള്ള രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡേ ബുക്കിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല
2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 (ചട്ടം-57) പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരുപ്പുകൾ ഓരോ മാസത്തിൻെറയും ബാങ്ക് സ്റ്റേറ്റ്മെൻറുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ അക്കൗണ്ടുകൾക്ക് പ്രതിമാസ റികൺസലീയേഷൻ സ്റ്റേറ്റ്മെൻറ് തയ്യാറാക്കുന്നില്ല. വർഷാവസാനം തയ്യാറാക്കിയിരിക്കുന്ന റികൺസലീയേഷൻ സ്റ്റേറ്റ്മെൻറ് മാന്വൽ രീതിയിലാണ്.
3. Department wise report/ചിട്ടയിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല

ഉദാ:- 04/01/19 ലെ വരവ് രേഖപ്പെടുത്തിയതിന് ശേഷം 23/06/18 ലെ വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. 5/18 മുതൽ 3/19 വരെയുള്ള ഇൻററപ്റ്റഡ്(interrupted) രസീത്

രേഖപ്പെടുത്തിയതിന് ശേഷം 5/18 ലെ വരവ് വീണ്ടും രേഖപ്പെടുത്തിയിരിക്കുന്നു.

4. 2018-19 ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം

4/5/18 -3200/- രൂപ

25/1/19 -2500/- രൂപ

വരവുകളുണ്ട്. ഇവ ഏതിനത്തിലുള്ള വരവുകളാണെന്നും ഏത് തീയതിയിൽ സാംഖ്യയിൽ വരവ് വന്നതാണെന്നും ബോധ്യപ്പെട്ടിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിയിക്ക് ക്രമനം. 1, 2, 3 എന്നിവയ്ക്ക് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. എന്നാൽ ക്രമ നം. 4 പ്രകാരമുള്ളതിന് മറുപടി ലഭിച്ചില്ല ആയത് ബാങ്ക് ബുക്ക് സഹിതം ബോധ്യപ്പെടുത്തേണ്ടതാണ്.

എൻക്വയറി നം. - 16/26/8/20

1-13 വാടക തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് പിഴ ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെയുള്ള 17 കടമുറികളിൽ 14 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ നിന്നും മുറികളുടെ വാടക യഥാസമയം ഈടാക്കുകയോ തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് ആയതിന്റെ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകയ്ക്കെടുത്ത വ്യക്തി | റൂം നമ്പർ | മാസവാടക തുക (രൂപ) | ഒടുക്കിയ തീയതി | പിഴപ്പലിശ (രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|---|
| 1 | വാസുദേവൻപിള്ള, ജോത്സന, കരുനാഗപ്പള്ളി | 13, 14 | 4/2018 - @ 4500 | 15/09/18 | | |
| | | | 5/18 – 1/19, @ 4500 | 23/2/19 | | |
| | | | 2/19-3/19, @ 4500 | 25/6/19 | 4327 | - |
| 2 | ശ്രീമതി. പി. കെ. ഷൈനി മംഗലംപറമ്പിൽ, ചവറ | 11 | 4/18-7/18 @ 2,250/- | 17/5/2019 | | |
| | | | 8/18-2/19, @ 2,250/- | 30/12/19 | 6117 | |
| | | | 3/19, @ 2,250/- | അടവാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല | 2250 |
| 3 | ശ്രീ. ഷാജഹാൻ, കുരുമ്പോലിൽ, എസ്സ്. വി. എം. പി. ഒ. | 6 | 4/18 മുതൽ 3/19 വരെ, @ 2240 | 13/3/19 | 4341 | -- |
| 4 | ശ്രീ. ഷാജഹാൻ, | 7, 10 | 4/18 മുതൽ | 13.03.19 | 2588 | - |

| | | | | | | |
|---|---|---|---|---|---|---|
| | കുരുമ്പോലിൽ, എസ്സ്.വി.എം.പി.ഒ. | | 3/19 വരെ, @ 2500/- | | | |
| 5 | ശ്രീമതി വനജ ദേവി, തുണ്ടിൽ പുത്തൻവീട്, മൈനാഗപ്പള്ളി | 14 | 4/18 മുതൽ 1/19 വരെ, @ 2250/- | 15.09.18 | | |
| | | | 2/19 മുതൽ 3/19 വരെ, @ 2250 | 25/6/19 | 1986 | - |
| 6 | ശ്രീ. വിജയൻ, വിളയിൽ തെക്കതിൽ, കല്ലേലി ഭാഗം പി.ഒ., തൊടിയൂർ | 4, 5 | 4/17 മുതൽ 3/18 വരെ, @ 2,500/- | 29/7/19 | 4638 | - |
| 7 | ശ്രീ. നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്.പുരം | 8, 9 | 4/18 മുതൽ 8/18 വരെ, @ 2,500/- | 25.05.19 | | - |
| | | | 9/18 മുതൽ 3/19 വരെ | 12.07.19 | 3563 | |
| | | | | ആകെ | 27560/- രൂപ | 2250/- രൂപ |

വാടകക്കാരുമായി ഏർപ്പെട്ട കരാറിൽ മാസവാടക തുക തൊട്ടടുത്ത മാസത്തിൻെറ അഞ്ചാം തീയതിക്ക് ശേഷം നല്കുന്നവരിൽ നിന്നും പ്രതിവർഷം 18 ശതമാനം എന്ന നിരക്കിൽ പിഴപ്പലിശ ഈടാക്കുമെന്ന് വ്യക്തമാക്കുന്നു. 2017 - 18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ടിലും പിഴപ്പലിശ ഈടാക്കിയിട്ടില്ല എന്ന് പരാമർശിച്ചിട്ട് പോലും ഈ സാമ്പത്തിക വർഷവും കുടിശ്ശികക്കാരിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ലാത്തതിന് മതിയായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ടിയാളുകളിൽ നിന്ന് പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച് തുടർന്നുള്ള ജനറൽ കമ്മിറ്റിയിൽ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന് മറുപടി ലഭിച്ചു. കുടിശ്ശികയും, പിഴപ്പലിശ ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 9/25-08-2020

1-14 റോഡ്റോളർ വാടക

പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള റോഡ്റോളർ വാടകയ്ക്കു നല്കുന്നതിലും പ്രതിദിന വാടക തുകയായ 2392/- രൂപ വരവിലെടുത്ത് അക്കൗണ്ടിൽ ഒടുക്കുന്നതിലും അപാകതകൾ നിലനില്ക്കുന്നു.

1. റോഡ്റോളറിന്റെ ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ അപൂർണ്ണമാണ്.
2. ഒരേ തീയതിയിൽ പ്രവൃത്തി നടന്ന സ്ഥലം ലോഗ് ബുക്കിലും, ചിട്ടയിലും വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ആയവ ഒരേ പ്രവൃത്തികളാണെന്ന് ബോധ്യപ്പെടുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഉദാ. 19/12/18-കുഞ്ഞയത്ത് ജംഗ്ഷൻ റോഡ് മെറ്റലിംഗ് (ലോഗ് ബുക്ക്)

19/12/18-കൃഷ്ണപുരം പഞ്ചായത്ത് റോഡ് മെറ്റലിംഗ് (ചിട്ട)

3. എല്ലാ വരവുകളും സാംഖ്യയിൽ എടുത്തിട്ടില്ല.
4. ലോഗ് ബുക്ക്, ചിട്ട, ബാങ്ക് സ്റ്റേറ്റ്മെൻറ് എന്നിവയിൽ 2392/- രൂപ ക്രമത്തിലുള്ള വരവുകളുടെ എണ്ണം വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

2018-19

ലോഗ് ബുക്ക് പ്രകാരം ആകെ വരവുകളുടെ എണ്ണം - 57

ചിട്ട പ്രകാരം ആകെ വരവുകളുടെ എണ്ണം – 66

ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം ആകെ വരവുകളുടെ എണ്ണം – 67

മേൽ അപാകതകൾക്ക് എൻക്വയറി നൽകിയതിന് പൊരുത്തക്കേടുകൾ വിശദമായി പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി, അടച്ച തുകയുമായി പൊരുത്തപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി നൽകാം എന്ന് മാത്രമാണ് മറുപടി നൽകിയിട്ടുള്ളത്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ക്രമക്കേട് തൽസമയം പരിഹരിക്കുന്നതിനുപോലും ശ്രമം നടത്താതിരുന്നത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വീഴ്ചയായി വിലയിരുത്തുന്നു. എത്രയും വേഗം വസ്തുനിഷ്ഠമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13/24.8.20

1-15 ശ്രവണ സഹായികൾ - പ്രയോജനപ്രദമായില്ല.

പ്രോജക്ട് നമ്പർ : S090/19

പ്രോജക്ടിന്റെ പേര് : ഭിന്ന ശേഷിക്കാർക്കായി ഉപകരണങ്ങൾ വാങ്ങി നൽകൽ

ഫണ്ട് : വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 6,00,000/-രൂപ

ബിൽ നമ്പർ : 06/18-19/25.03.19 ; 2,75,206/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ : ശിശുവികസന പ്രോജക്ട് ഓഫീസർ

ഭിന്നശേഷിക്കാർക്കായി ഉപകരണങ്ങൾ വാങ്ങി നൽകൽ എന്ന പ്രോജക്ട് പ്രകാരം ശ്രവണ വൈകല്യമുള്ള 8 ഗുണഭോക്താക്കൾക്കായി 12 ശ്രവണ സഹായികൾ 8,690/- രൂപ നിരക്കിൽ ആകെ 1,04,280/- രൂപയ്ക്ക് കേരള സ്റ്റേറ്റ് ഹാന്റിക്യാപ്ഡ് പേഴ്സൺസ് വെൽഫേർ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയതിട്ടുണ്ട് . സർക്കാർ ഉത്തരവു (സ.ഉ(എം.എസ്.)നമ്പർ.22/18.ത.സ്വ.ഭ.വ, 04.02.18) പ്രകാരം ഗുണഭോക്താക്കളുടെ പേരുവിവരവും ഓരോരുത്തർക്കും വേണ്ടിയുള്ള ഉപകരണങ്ങളുടെ ലിസ്റ്റും ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ആയത് പ്രകാരം വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മെഡിക്കൽ റിപ്പോർട്ട് പ്രകാരം severe(4), profound(4), bilateral moderately severe mixed(1), bilateral profound(3), എന്നീ വിഭാഗങ്ങളിലുള്ള ശ്രവണ സഹായികൾ ആവശ്യമായ 8 ഗുണഭോക്താക്കൾ ആണുള്ളത്. എന്നാൽ ബിൽ പ്രകാരം programmable hearing aid for moderate to profound എന്ന കാറ്റഗറിയിൽ പെടുന്ന ഒരേ തരത്തിലുള്ള 12 ശ്രവണ സഹായികൾ ആണ് വാങ്ങിയിട്ടുള്ളത്. ആയതിനാൽ എല്ലാ ഗുണഭോക്താക്കൾക്കും ഒരേതരം ശ്രവണ സഹായി വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഉപകരണം പ്രോഗ്രാം ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലാണ് വിതരണം ചെയ്തത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ 40 മുതൽ 60 ശതമാനം വരെ വൈകല്യം moderate വിഭാഗത്തിലും 60 മുതൽ 80 വരെ severe ഉം 80 മുതൽ 100 വരെ profound വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. ആയതിനാൽ ഓരോ ഗുണഭോക്താവിന്റെയും വൈകല്യത്തിനനുസൃതമായി വാങ്ങിയ സ്ഥാപനത്തിൽ നിന്ന് തന്നെ ഉപകരണം പ്രോഗ്രാം ചെയ്ത് സെറ്റ് ചെയ്യുകയോ അല്ലെങ്കിൽ ഒരു ഓഡിയോളജിസ്റ്റിന്റെ സേവനം പ്രയോജനപ്പെടുത്തി ഓരോ വിഭാഗത്തിനും അനുയോജ്യമായ ഫ്രീക്വൻസിയിൽ ഉപകരണം പ്രോഗ്രാം ചെയ്ത് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ വിതരണം ചെയ്തിട്ടില്ല. ദേവിക, ആശാരിപുരയിടം, മേമന, ഓച്ചിറ എന്ന ഗുണഭോക്താവിന് സിവിയർ ഹിയറിംഗ് ലോസ് ഉള്ളതാണ്. ഓഡിറ്റിന്റെ ഭാഗമായി ടി കുട്ടിയുടെ പേരന്റിനെ ബന്ധപ്പെട്ട് വിവരങ്ങൾ അന്വേഷിച്ചതിൽ നിന്നും ശ്രവണ സഹായി കുട്ടിയ്ക്ക് പ്രയോജനപ്പെട്ടിട്ടില്ല എന്നാണ് വ്യക്തമായത്. ടി വിവരം ഓഡിറ്റ് എൻക്വയറി വഴി നിർവഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ശ്രവണ സഹായി കുട്ടിയ്ക്ക് പ്രയോജനപ്പെടാത്ത വിവരം ഗുണഭോക്താവ് ഒരിക്കൽ പോലും നിർവഹണ ഉദ്യോഗസ്ഥയെ അറിയിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. വിതരണം ചെയ്ത ശ്രവണ സഹായികൾ നിലവിൽ വേണ്ടവിധം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നു എന്ന് ഉറപ്പുവരുത്തി വിവരം മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 10/25.08.20

1-16 കാലിത്തീറ്റ-സബ്സിഡി അധികം നൽകി

| | |
|---|---|
| നിർവഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് | 45/20, ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം |
| അടങ്കൽ തുക | 32,04,620/- രൂപ |
| ചെലവഴിച്ച തുക | 20,29,650/-രൂപ |
| ഫണ്ട് | വികസന ഫണ്ട്(ജനറൽ) |

2018-2019 സാമ്പത്തിക വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ 'ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം' എന്ന പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ക്ഷീര സംഘങ്ങളിൽ പ്രതിമാസം 50 ലിറ്റർ പാൽ നൽകുന്ന ക്ഷീര കർഷകരായ അംഗങ്ങൾക്ക് കാലിത്തീറ്റയ്ക്ക് ഒരു വർഷം ഒരു ഗുണഭോക്താവിന് പരമാവധി 10,000/-രൂപ എന്ന നിരക്കിൽ DBT വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി നൽകുന്നു. എന്നാൽ പരമാവധി സബ്സിഡി 10,000/-രൂപ (ജി.ഒ.

(എം.എസ്)നം.22/2018/ത.സ്വ.ഭ.വ/04.02.2018 ഖ-6.2(8)) ആയിരിക്കെ 3 ഗുണഭോക്താക്കൾക്ക് 20,000/- രൂപ വീതം സബ്സിഡി നൽകിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 3 ഗുണഭോക്താക്കൾക്കും കൂടി ആകെ 30,000/- രൂപ സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേരും വിലാസവും | അക്കൗണ്ട് നമ്പർ | ബിൽ നം, തീയതി, തുക | നൽകിയ തുക (രൂപ) | നൽകാവുന്ന തുക(രൂപ) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|---|
| 1 | ആദിനാട് സംഘം | ശ്യാമള, വഞ്ചിശ്ശേരിൽ, ആദിനാട് സൗത്ത്, കുലശേഖരപുരം വാർഡ്-19 | 67255969668 | 37/18-19 14-02-19/ 69,900/- | 10,000/- | 10,000/- | 10,000/- |
| | | | | 39/18-19 08-03-19/ 85,000/- | 10,000/- | | |
| ആകെ | | | | | 20,000/- | 10,000/- | 10,000/- |
| 2 | ആദിനാട് സംഘം | സരസമ്മ, കടവേലിൽ,ആദിനാട് സൗത്ത്, കുലശേഖരപുരം വാർഡ്-20 | 6089584636 | 37/18-19 14-02-19/ 69,900/- | 10,000/- | 10,000/- | 10,000/- |
| | | | | 39/18-19 08-03-19/ 85,000/- | 10,000/- | | |
| ആകെ | | | | | 20,000/- | 10,000/- | 10,000/- |
| 3 | പുന്നക്കുളം സംഘം | ബേബി, വിനോദ് ഭവനം, പുന്നക്കുളം, കുലശേഖരപുരം വാർഡ്-19 | 37577509541 | 14/18-19 28-12-18/ 1,72,900/- | 4,800/- | 10,000/- | 10,000/- |
| | | | | 15/18-19 28-12-18/ 1,39,250/- | 5,200/- | | |
| | | | | 37/18-19 14-02-19/ 69,900/- | 10,000/- | | |
| ആകെ | | | | | 20,000/- | 10,000/- | 10,000/- |
| ആകെ അധികം നൽകിയ തുക | | | | | | | 30,000/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക തിരികെ

ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/25.08.20
നിരാകരണം-30,000/-രൂപ

1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-കാലനസൃതമായി പദ്ധതിലക്ഷ്യം കൈവരിക്കുന്നില്ല.
പ്രോജക്ട് നമ്പർ – S0048/19

നിർവ്വഹണം – പട്ടികജാതി വികസന ഓഫീസർ

2018-19 വർഷത്തിൽ 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/-രൂപ നിരക്കിൽ 50,00,000/-(വികസനഫണ്ട്-എസ്.സി.പി)രൂപ അടങ്കൽ തുക വകയിരുത്തി പദ്ധതിനിർവ്വഹണം നടത്തി. 2018-19 വർഷത്തിൽ 45,50,000/- രൂപയും, 2019-20 വർഷത്തിൽ 2,50,000/- രൂപയും ചേർത്ത് ആകെ 48,00,000/- രൂപയാണ് ചെലവഴിച്ചത്. താഴെപ്പറയുന്ന 4 വിദ്യാർത്ഥികൾക്ക് 2019-20 വർഷത്തിലും നാലാംഗഡുവായ 50,000/- രൂപവീതം ആകെ 2,00,000/- രൂപ നൽകാൻ അവശേഷിക്കുന്നു.

1. അരുൺരാജ് S/O രാജു, തെക്കുനിലത്ത് തൊടിയൂർ
2. ശരത്. ജെ S/O ബിന്ദു, ശരത് ഭവനം, കല്ലേലിഭാഗം
3. എവിൻരാജ് S/O ജയശ്രീ, കൊപ്രപുരയിൽ, ഇടക്കുളങ്ങര.
4. സൂരജ് രവി S/O രവീന്ദ്രൻ, സൂര്യഭവനം, തഴവ.

2018-19 വർഷത്തിൽ പദ്ധതി ആരംഭിച്ച് 2019-20 വർഷത്തിലും മേൽപ്പറഞ്ഞ വിദ്യാർത്ഥികൾക്ക് തുക നൽകാൻ അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2019-20 വർഷത്തിൽ പണി പൂർത്തീകരിച്ച് വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയ സാഹചര്യത്തിൽ ട്രഷറി നിയന്ത്രണം ഉണ്ടായി എന്ന വിശദീകരണമാണ് നൽകിയത്. വരും വർഷങ്ങളിൽ കാലനസൃതമായി പദ്ധതിനിർവ്വഹണം നടത്താൻ നിർവ്വഹണോദ്യോഗസ്ഥനും, ബ്ളോക്ക് പഞ്ചായത്ത് അധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 7/24.08.2020

1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.നം. | പ്രോജക്ടിന്റെപേര് | ചെലവഴിച്ച തുക(രൂപ) | ബിൽനം./ തിയതി | വിനിയോഗസാക്ഷ്യപത്രം നൽകേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | ലൈഫ് മിഷൻ പദ്ധതി | 16,58,371/- | 3/18-19, 16-6-18 | ഗ്രാമപഞ്ചായത്തുകൾ |

| | | | | |
|---|---|---|---|---|
| | | വികസനഫണ്ട്(എസ്.സി) | | |
| 2 | ലൈഫ് മിഷൻ പദ്ധതി | 9262360/- വികസനഫണ്ട് (ജനറൽ) | 4/18-19, 16-6-18 18/18-19, 14-9-18 | ഗ്രാമപഞ്ചായത്തുകൾ |
| 3 | ലൈഫ് മിഷൻ പദ്ധതി | 8802479/- വികസനഫണ്ട് (ജനറൽ) | 2/18-19, 29-5-18 | ഗ്രാമപഞ്ചായത്തുകൾ |
| 4 | ലൈഫ് മിഷൻ പദ്ധതി | 2588049/- വികസനഫണ്ട് (ജനറൽ) | 35/18-19, 22-12-18 | ഗ്രാമപഞ്ചായത്തുകൾ |
| 5 | കുടിവെള്ള പദ്ധതി | 700000/- വികസനഫണ്ട് (ജനറൽ) | 33/18-19, 19-12-18 17/18-19, 17-8-18 | കേരളാ വാട്ടർ അതോറിറ്റി |
| 6 | ജീവനം-തുകകൈമാറൽ | 1400000/- വികസനഫണ്ട് (ജനറൽ) | 15/18-19, 10-8-18 | ജില്ലാ പഞ്ചായത്ത് |
| 7 | പൈപ്പ് ലൈൻ നീട്ടൽ | 411250/- വികസനഫണ്ട്(എസ്.സി) | 38/18-19, 22-12-18 | കേരളാ വാട്ടർ അതോറിറ്റി |
| 8 | പൈപ്പ് ലൈൻ നീട്ടൽ | 292400/- വികസനഫണ്ട്(എസ്.സി) | 29/18-19, 17-11-18 | കേരളാ വാട്ടർ അതോറിറ്റി |
| 9 | പി.എം.എ.വൈ | 3000000/- (വിവിധ ഫണ്ടുകൾ) | 23/18-19, 9-10-18 | ഗ്രാമപഞ്ചായത്തുകൾ |
| 10 | പി.എം.എ.വൈ | 15680000/- വികസനഫണ്ട് (ജനറൽ) | 19/18-19, 14-9-18 | ഗ്രാമപഞ്ചായത്തുകൾ |
| 11 | പൈപ്പ് ലൈൻ നീട്ടൽ | 100000/- വികസനഫണ്ട് (ജനറൽ) | 1/18-19, 18-5-18 | കേരളാ വാട്ടർ അതോറിറ്റി |
| 12 | ലൈഫ് മിഷൻ പദ്ധതി | 251334/- വികസനഫണ്ട്(എസ്.സി) | 25/18-19, 17-10-18 | ഗ്രാമപഞ്ചായത്തുകൾ |
| 13 | ലൈഫ് മിഷൻ പദ്ധതി | 2710600/- വികസനഫണ്ട്(എസ്.സി) | 5/18-19, 16-6-18 | ഗ്രാമപഞ്ചായത്തുകൾ |
| 14 | ലൈഫ് മിഷൻ പദ്ധതി | 2338750/- വികസനഫണ്ട്(എസ്.സി) | 5/18-19, 16-6-18 | ഗ്രാമപഞ്ചായത്തുകൾ |
| ആകെ | | 49195593/- രൂപ | | |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനങ്ങൾക്ക് കത്ത് നൽകിട്ടുണ്ട് ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ 49195593/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 6/24.08.2020
തടസ്സപ്പെട്ടുത്തിയ തുക – 49195593/- രൂപ

1-19 സ്റ്റോർ പർച്ചേസ് മാന്വൽ നടപടികൾ പാലിക്കാതെ ഔദ്യോഗിക വാഹനം അറ്റകുറ്റപ്പണി നടത്തി.
പ്രോജക്ട് നമ്പർ - S0040/19

അടങ്കൽ തുക – 1,75,000/- രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം)
ചെലവ് തുക – 1,50,435/- രൂപ

നിർവ്വഹണം - സെക്രട്ടറി

പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL-23E-999 നമ്പർ വാഹനമായ ഫോർഡ് ഫിയസ്റ്റാ കാറിന്റെ അറ്റകുറ്റപണികൾക്കായി കൈരളി ഫോർഡ് ഓച്ചിറയുടെ SCPLO2148BJ dt.01-02-18 നമ്പർ ഇൻവോയ്സ് പ്രകാരം 1,50,435/-(ബിൽ നം./തീയതി-43/18-19/12.10.18) രൂപ നൽകി. സ്റ്റോർപർച്ചേഴ്സ് മാനവെൽ പ്രകാരം ടെൻഡർ /ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയല്ല വാങ്ങൽ /പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് രണ്ടു ടെൻഡറുകളിൽ ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും കൈരളി ഫോർഡ് ഓച്ചിറയ്ക്ക് വർക്ക് നൽകുകയും ചെയ്തുയെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടെൻഡർ/ക്വട്ടേഷൻവിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. ആയതിനാൽ 1,50,435/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/24.08.2020
തടസ്സപ്പെട്ടുത്തിയ തുക – 1,50,435/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 കുടിശ്ശികയും, പിഴപ്പലിശയും ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെയുള്ള 17 കടമുറികളിൽ 14 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ നിന്നും മുറികളുടെ വാടക യഥാസമയം ഈടാക്കുകയോ തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് ആയതിന്റെ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകയ്ക്കെടുത്ത | റൂം | മാസവാടക | ഒടുക്കിയ തീയതി | പിഴപ്പലിശ | കുടിശ്ശിക |
|---|---|---|---|---|---|---|

| | വ്യക്തി | നമ്പർ | തുക (രൂപ) | | (രൂപ) | (രൂപ) |
|---|---|---|---|---|---|---|
| 1 | വാസുദേവൻപിള്ള, ജോത്സന, കരുനാഗപ്പള്ളി | 13, 14 | 4/2018 - @ 4500 | 15/09/18 | | |
| | | | 5/18 – 1/19, @ 4500 | 23/2/19 | | |
| | | | 2/19-3/19, @ 4500 | 25/6/19 | 4327 | - |
| 2 | ശ്രീമതി. പി. കെ. ഷൈനി മംഗലംപറമ്പിൽ, ചവറ | 11 | 4/18-7/18 @ 2,250/- | 17/5/2019 | | |
| | | | 8/18-2/19, @ 2,250/- | 30/12/19 | 6117 | |
| | | | 3/19, @ 2,250/- | അടവാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല | 2250 |
| 3 | ശ്രീ. ഷാജഹാൻ, കുരുമ്പോലിൽ, എസ്സ്. വി. എം. പി. ഒ. | 6 | 4/18 മുതൽ 3/19 വരെ, @ 2240 | 13/3/19 | 4341 | -- |
| 4 | ശ്രീ. ഷാജഹാൻ, കുരുമ്പോലിൽ, എസ്സ്.വി.എം.പി.ഒ. | 7, 10 | 4/18 മുതൽ 3/19 വരെ, @ 2500/- | 13.03.19 | 2588 | - |
| 5 | ശ്രീമതി വനജ ദേവി, തുണ്ടിൽ പുത്തൻവീട്, മൈനാഗപ്പള്ളി | 14 | 4/18 മുതൽ 1/19 വരെ, @ 2250/- | 15.09.18 | | |
| | | | 2/19 മുതൽ 3/19 വരെ, @ 2250 | 25/6/19 | 1986 | - |
| 6 | ശ്രീ. വിജയൻ, വിളയിൽ തെക്കതിൽ, കല്ലേലി ഭാഗം പി.ഒ., തൊടിയൂർ | 4, 5 | 4/17 മുതൽ 3/18 വരെ, @ 2,500/- | 29/7/19 | 4638 | - |
| 7 | ശ്രീ. നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്.പുരം | 8, 9 | 4/18 മുതൽ 8/18 വരെ, @ 2,500/- | 25.05.19 | | - |
| | | | 9/18 മുതൽ 3/19 വരെ | 12.07.19 | 3563 | |
| | | | | ആകെ | 27560/- | 2250/- |

വാടകക്കാരുമായി ഏർപ്പെട്ട കരാറിൽ മാസവാടക തുക തൊട്ടടുത്ത മാസത്തിന്റെ അഞ്ചാം തീയതിക്ക് ശേഷം നല്കുന്നവരിൽ നിന്നും പ്രതിവർഷം 18 ശതമാനം എന്ന നിരക്കിൽ പിഴപ്പലിശ ഈടാക്കുമെന്ന് വ്യക്തമാക്കുന്നു. 2017 - 18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ടിലും പിഴപ്പലിശ ഈടാക്കിയിട്ടില്ല എന്ന് പരാമർശിച്ചിട്ട് പോലും ഈ സാമ്പത്തിക

വർഷവും കുടിശ്ശികക്കാരിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ലാത്തതിന് മതിയായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ടിയാളുകളിൽ നിന്ന് പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച് തുടർന്നുള്ള ജനറൽ കമ്മിറ്റിയിൽ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന് മറുപടി ലഭിച്ചു.കുടിശ്ശികയും,പിഴപ്പലിശ ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 9/25-08-2020

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കാലിത്തീറ്റ-സബ്സിഡി അധികം നൽകി

| | |
|---|---|
| നിർവഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് | 45/20, ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം |
| അടങ്കൽ തുക | 32,04,620/- രൂപ |
| ചെലവഴിച്ച തുക | 20,29,650/-രൂപ |
| ഫണ്ട് | വികസന ഫണ്ട്(ജനറൽ) |

2018-2019 സാമ്പത്തിക വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ 'ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം' എന്ന പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ക്ഷീര സംഘങ്ങളിൽ പ്രതിമാസം 50 ലിറ്റർ പാൽ നൽകുന്ന ക്ഷീര കർഷകരായ അംഗങ്ങൾക്ക് കാലിത്തീറ്റയ്ക്ക് ഒരു വർഷം ഒരു ഗുണഭോക്താവിന് പരമാവധി 10,000/-രൂപ എന്ന നിരക്കിൽ DBT വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി നൽകുന്നു. എന്നാൽ പരമാവധി സബ്സിഡി 10,000/-രൂപ (ജി.ഒ.(എം.എസ്)നം.22/2018/ത.സ്വ.ഭ.വ/04.02.2018 ഖ-6.2(8)) ആയിരിക്കെ 3 ഗുണഭോക്താക്കൾക്ക് 20,000/- രൂപ വീതം സബ്സിഡി നൽകിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 3 ഗുണഭോക്താക്കൾക്കും കൂടി ആകെ 30,000/- രൂപ സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേരും വിലാസവും | അക്കൗണ്ട് നമ്പർ | ബിൽ നം, തീയതി, തുക | നൽകിയ തുക (രൂപ) | നൽകാവുന്ന തുക(രൂപ) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|---|
| 1 | ആദിനാട് സംഘം | ശ്യാമള, വഞ്ചിശ്ശേരിൽ, ആദിനാട് സൗത്ത്, കലശേഖരപുരം വാർഡ്-19 | 67255969668 | 37/18-19 14-02-19/ 69,900/- | 10,000/- | 10,000/- | 10,000/- |
| | | | | 39/18-19 08-03-19/ 85,000/- | 10,000/- | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ആകെ | | | | | 20,000/- | 10,000/- | 10,000/- |
| 2 | ആദിനാട് സംഘം | സരസമ്മ,<br>കടവേലിൽ,ആദിനാട് സൗത്ത്,<br>കുലശേഖരപുരം<br>വാർഡ്-20 | 6089584636 | 37/18-19<br>14-02-19/<br>69,900/- | 10,000/- | 10,000/- | 10,000/- |
| | | | | 39/18-19<br>08-03-19/<br>85,000/- | 10,000/- | | |
| ആകെ | | | | | 20,000/- | 10,000/- | 10,000/- |
| 3 | പുന്നക്കുളം സംഘം | ബേബി,<br>വിനോദ് ഭവനം,<br>പുന്നക്കുളം,<br>കുലശേഖരപുരം<br>വാർഡ്-19 | 37577509541 | 14/18-19<br>28-12-18/<br>1,72,900/- | 4,800/- | 10,000/- | 10,000/- |
| | | | | 15/18-19<br>28-12-18/<br>1,39,250/- | 5,200/- | | |
| | | | | 37/18-19<br>14-02-19/<br>69,900/- | 10,000/- | | |
| ആകെ | | | | | 20,000/- | 10,000/- | 10,000/- |
| ആകെ അധികം നൽകിയ തുക | | | | | | | 30,000/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/25.08.20
നിരാകരണം-30,000/-രൂപ

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 27-05-2019 | കെ.എസ്.എ.കെ.എൽ.എം./പി8/1125/19<br>തീയതി – 02/09/19 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 15915037 | പി.എം.എ.വൈ. അധിക വിഹിതം നല്കൽ 71/19 | 13651077 | 5833901 |

കുറിപ്പ് - ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള വരവും ചെലവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച വരവ് തുക, ചെലവായ തുക എന്നിവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡിപ്പോസിറ്റ് വർക്കായി പ്രവത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി | 33/18-19<br>19.12.18<br>17/18-19<br>17.08.19 | 7,00,000/- | - | 7,00,000/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 38/18-19<br>22.12.18 | 4,11,250/- | - | 4,11,250/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 29/18-19<br>17.11.18 | 2,92,400/- | - | 2,92,400/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 1/18-19<br>18.5.18 | 1,00,000/- | - | 1,00,000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-6 സ്ഥിരനിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 & 2013-14 | 3(9) | 2014-15 | 4-1 | നിഷ്ക്രിയ ആസ്തികൾ (2008-09) 3,75,000/-രൂപ ചെലവിട്ട് വാങ്ങിയ മെതിയന്ത്രങ്ങൾ ഉപയോഗിക്കാതെ ജീർണ്ണാവസ്ഥയിൽ | 13/12/2017-ൽ നിയമസഭാ സമിതിയുടെ തെളിവെടുപ്പ് പൂർത്തിയായി |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 107063130 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 91091844 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹ 29810 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 30000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 49346028 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | |
| 2-1 | 29810 | - | ശ്രീ. ആർ. അജയകുമാർ, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-1 | - | 30000 | ശ്രീമതി. ജാക്വലിൻ. ജെ. ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 49195593/- | ശ്രീ. ആർ. അജയകുമാർ, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-19 | 150435/- | ശ്രീ. ആർ. അജയകുമാർ, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ. അജയകുമാർ, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി, ഓച്ചിറ | ലക്ഷ്മി നിവാസ്, കൊല്ലക പി.ഒ., വടക്കുംതല |
| ശ്രീമതി. ജാക്വലിൻ. ജെ. ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഓച്ചിറ | മംഗലത്ത്, ഇടയ്ക്കോട് നഗർ-14, കാവനാട് പി.ഒ., കൊല്ലം പിൻ - 691013 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം-പി8/106(2)/2018, തീയതി 5.02.2018 | 3 |
| 2007-2008 | എൽ.എഫ്.ക്യൂ.ഡി.ബി-1522(4)/2014, തീയതി 05.07.2014 | 1 |
| 2008-2009 | എൽ.എഫ്.ക്യൂ.ഡി.ബി-1522(3)/2014, തീയതി 30.06.2014 | 2 |
| 2009-2010 | എൽ.എഫ്.ക്യൂ.ഡി.ബി-1522(2)/2014, തീയതി 30.06.2014 | 1 |
| 2010-2011 | എൽ.എഫ്.ക്യൂ.ഡി.ബി-1522(1)/2014, തീയതി 30.06.2014 | 3 |
| 2011-2012 | എൽ.എഫ്.ക്യൂ.ഡി.ബി-947/2014, തീയതി 03.07.2014 | 3 |
| 2012-2013 & 2013-2014 | കെ.എസ്.എ.കെ.എൽ.എം/പി8/423(6)/20 തീയതി 3.07.2020 | 7 |
| 2014-2015 & 2015-2016 | കെ.എസ്.എ.കെ.എൽ.എം/പി8/423(7)/20 തീയതി 3.07.2020 | 11 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം/പി8/423(8)/20 തീയതി 3.07.2020 | 7 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം/പി8/11/20 തീയതി 19.06.2020 | 6 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

അനുബന്ധം 1

ഓാഡിറ്റ് സാക്ഷ്യപത്രം

നമ്പർ. കെ.എസ്.എ.കെ.എൽ.എം.പി.8/968/2020

കേരള സംസ്ഥാന ഓാഡിറ്റ് വകുപ്പ്

ജില്ലാ ഓാഡിറ്റ് കാര്യാലയം, കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി: 11.11.2020

## ഓാഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓാഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓാഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓാഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓാഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഓാച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓാഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-2019 ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓാഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓാഡിറ്റ് വകുപ്പ്

അനുബന്ധം 2

അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്